## പാഠം 8

# യെരൂശലേം കൗൺസിൽ

**ശബ്ബത്ത് സായാഹ്നം** **ആഗസ്റ്റ് 18–24**

**ഈ ആഴ്ചയിലെ പഠനത്തിന്: അ.പ്ര. 15; ഗലാ. 2:11–13; പുറ. 12:43–49; റോമർ 3:30; ലേവ്യ. 18:30; വെളി. 2:14,20**

**മനഃപാഠവാക്യം: കർത്താവായ യേശുക്രിസ്തുവിന്റെ കൃപയാൽ രക്ഷ പ്രാപിക്കും എന്നു നാം വിശ്വസിക്കുന്നതുപോലെ അവരും വിശ്വസിക്കുന്നു (അ.പ്ര. 15:11).**

രണ്ടു വർഷങ്ങൾക്കുശേഷം പൗലൊസും ബർന്നബാസും അവിടെനിന്ന് അന്ത്യോകൃയിലേക്കു മടങ്ങി. അവരെ തിരികെ അയയ്ക്കുന്നതിന് അവിടത്തെ സഭ മുഴുവനും പങ്കെടുത്തു അതിനെക്കുറിച്ച് അവർ സഭയ്ക്ക് ഒരു വാർത്ത കൊടുക്കുന്നത് സ്വാഭാവികമാണ്. ആ കുറിപ്പിൽ അവർ പ്രാധാന്യം നൽകിയത് ഈ മിഷണറിമാർ അവിടെ എന്ത് പൂർത്തീകരിച്ചു എന്നല്ല, എന്നാൽ ദൈവം അവരിലൂടെ അവിടെ എന്തു ചെയ്തു എന്നാണ്.

ഈ കുറിപ്പിന്റെ പ്രധാന ലക്ഷ്യം അനേക യെഹൂദന്മാർ വിശ്വാസത്തിലേക്കു വന്നു എങ്കിലും ജാതികളുടെ ഇടയിലുള്ള ദൗത്യത്തിന്റെ വിജയമാണ്. കൊർന്നേല്യൊസിന്റെ മാനസാന്തരം മുതൽ പരിച്ഛേദന ഏല്ക്കാത്തവരുടെ മാനസാന്തരം ഒരു വിഷമായി മാറിയിരുന്നു. എന്നാൽ അനേകരെ സഭ അംഗങ്ങളാക്കി ചേർത്തു. കാര്യങ്ങൾ കുറച്ചുകൂടി സങ്കീർണമായി. യെരൂശലേമിലെ അനേകവിശ്വാസികളും സന്തോഷമുള്ളവരല്ലായിരുന്നു. അവരെ സംബന്ധിച്ച് ആദ്യം ജാതികൾ പരിച്ഛേദന ഏല്ക്കണം, മറ്റു സ്ഥലങ്ങളിൽനിന്ന് യെഹൂദാപള്ളിയിലേക്ക് പരിവർത്തനം ചെയ്യണം, അങ്ങനെ അവർ ദൈവജനത്തിന്റെ ഭാഗമാകണം, അവരുമായി കൂട്ടായ്മ ഉണ്ടാവണം.

അ.പ്ര. 15–ാം അദ്ധ്യായം എല്ലാം ജാതികളുടെ പ്രശ്നങ്ങൾ ഗുരുതരമായ അവസ്ഥയിലേക്ക് എത്തിച്ചേരുന്നതും അതിനു പരിഹാരം കാണാൻ സഭ ഒന്നായി പ്രവർത്തിക്കുന്നതുമാണ്. അപ്പൊസ്തലികസഭയുടെ ചരിത്രത്തിൽ സഭയുടെ ലോകവ്യാപകമായ ദൗത്യവുമായി ബന്ധപ്പെട്ട് യെരൂശലേമിലെ കൗൺസിൽ ഒരു വഴിത്തിരിവായിരുന്നു.

**സംവാദം**

ആരംഭം മുതൽ അന്ത്യോക്യസഭയിൽ യവനവിശ്വാസികളും പരിച്ഛേദന ഏല്ക്കാത്ത ജാതികളും ഉൾപ്പെട്ടിരുന്നു. അവർ പരസ്പര ധാരണയോടെ സഹവസിച്ചിരുന്നു. ആ കൂട്ടായ്മയുടെ അനുഭവം യെരൂശലേമിൽനിന്ന് ഒരു കൂട്ടം വിശ്വാസികളുടെ വരവോടെ ഛിന്നഭിന്നമായി.

**വായിക്കുക: അ.പ്ര.. 15:1–5 സഭ നേരിടുന്ന പ്രശ്നം എന്തായിരുന്നു?**

യെഹൂദ്യയിൽ നിന്നുള്ളവരെ പാരമ്പര്യമായി യെഹൂദ്യക്കാർ എന്നു വിളിച്ചിരുന്നു. അഞ്ചാംവാക്യത്തിൽ പ്രത്യേകം പറയുന്ന വിശ്വസിക്കുന്ന പരീശന്മാർ. പരീശന്മാർ സഭയിൽ സന്നിഹിതരായിരിക്കുന്നതിൽ നമുക്ക് അത്ഭുതമില്ല മാനസാന്തരത്തിനു മുമ്പ് പൗലൊസും പരീശനായിരുന്നു (ഫിലി. 3:5). ഈ കൂട്ടം അവർ തന്നെ മുൻകൈ എടുത്ത് അന്ത്യോക്യയിലേക്ക് പോയി. അതിനുശേഷം അന്ത്യോക്യയിൽ സംഭവിച്ച മറ്റൊരു സംഭവം കാണിക്കുന്നത് ഭൂരിപക്ഷം യെഹൂദന്മാരും അപ്പൊസ്തലർ ഉൾപ്പെടെ പരിച്ഛേദന ഏല്ക്കാത്ത ജാതികളുടെ സാന്നിദ്ധ്യം അവരെ അസ്വസ്ഥരാക്കിയിരുന്നു എന്നാണ് (ഗലാ. 2:11–13).

എഫെസ്യർക്കുള്ള അവന്റെ ലേഖനത്തിൽ യെഹൂദ്യക്കാരായവരെക്കുറിച്ച് അനുകൂലമായി സംസാരിക്കുന്നില്ല, അവരെ വിളിക്കുന്ന പേര് പ്രശ്നമുണ്ടാക്കുന്നവരും (ഗലാ. 1:7; 5:10), 'കള്ളസഹോദരന്മാരും' എന്നാണ് (ഗലാ. 2:4). അവരുടെ യഥാർത്ഥ ലക്ഷ്യം സുവിശേഷത്തിന്റെ ആത്മിക സ്വാതന്ത്ര്യം ദുർബ്ബലപ്പെടുത്തുക, കൂടാതെ ജാതികളായ മാനസാന്തരക്കാരെ നിയമവ്യവസ്ഥയുടെ അടിമകളാക്കുക.

അവരുട വാദം ഒരു പരിധിവരെ ലളിതമായിരുന്നു. ജാതികൾ പരിച്ഛേദന ഏല്ക്കാതെയും യെഹൂദ കർമ്മാചാര നിയമങ്ങൾ അനുസരിക്കാതെയും ഇരിക്കുന്നിടത്തോളം രക്ഷ പ്രാപിക്കാൻ കഴിയില്ല. അവർ വിശ്വസിച്ചിരുന്നത് രക്ഷ ദൈവവുമായി ഉടമ്പടി ചെയ്ത സമൂഹത്തിനു മാത്രം. പഴയ നിയമം അനുസരിച്ച് പരിച്ഛേദനയല്ലാതെ ദൈവജനത്തിന്റെ ഭാഗമായി തീരാൻ മറ്റൊരു വഴിയുമില്ല (ഉല്പ. 17:9–14; പുറ. 12:48). ചുരുക്കത്തിൽ ജാതികൾക്ക് രക്ഷ നേടണമെങ്കിൽ ആദ്യം അവർ യെഹൂദാമതത്തിലേക്ക് പരിവർത്തനം ചെയ്യണം.

പൗലൊസും ബർന്നബാസും തീർച്ചയായും ആ നിബന്ധനയുമായി യോജിച്ചില്ല അത് സുവിശേഷത്തിന്റെ സവിശേഷതയ്ക്ക് എതിരാണ്. യെഹൂദ്യയിൽനിന്ന് സന്ദർശകരായി വന്നവരുടെ തീവ്രമായ സമീപനം വളരെ ചൂടേറിയ ചർച്ചയ്ക്ക് തുടക്കമിട്ടു. അ.പ്ര. 15:2 (സ്റ്റാസിസ്) ന്റെ അർത്ഥം "തർക്കം"

അല്ലെങ്കിൽ “ആശയഭിന്നത”. വിഷയം വളരെ പ്രധാനപ്പെട്ടതായിരുന്നെങ്കിലും പ്രാദേശികതലത്തിൽ മാത്രമേ അത് ചർച്ച ചെയ്യപ്പെട്ടുള്ളൂ. സഭയിലെ ഐക്യം താങ്ങിനിർത്തപ്പെട്ട അവസ്ഥയിലായിരുന്നു. അന്ത്യോക്യയിലെ സഹോദരങ്ങൾ പൗലൊസും ബർന്നബാസും ഉൾപ്പെടെ ഒരു പ്രതിനിധിസംഘത്തെ യെരൂശലേമിലേക്ക് അയച്ച് ഒരു പരിഹാരം കാണുവാൻ തീരുമാനിച്ചു.

**യെഹൂദ്യരുടെ സ്ഥാനത്ത് നിങ്ങളെ വെയ്ക്കുക, നിങ്ങളുടെ പ്രശ്നത്തിൽ എന്ത് വാദം മുൻപോട്ടു വയ്ക്കുവാൻ നിങ്ങൾക്കു കഴിയും?**

**തിങ്കൾ** **ആഗസ്റ്റ് 20**

**പരിച്ഛേദന**

ഈ തർക്കത്തിലെ ഒരു പ്രധാനവിഷയം പരിച്ഛേദന ആയിരുന്നു. ഇത് മനുഷ്യൻ കൊണ്ടുവന്ന സ്ഥാപനമല്ല (മത്താ. 15:29) അതിലുപരിയായി, അബ്രഹാമിന്റെ സന്തതികളായി തിരഞ്ഞെടുക്കപ്പെട്ട ജനത്തിന് തന്റെ ഉടമ്പടിയുടെ അടയാളമായി ദൈവം തന്നെ നൽകിയതാണ് (ഉല്പ. 17:9–14).

**വായിക്കുക: പുറ. 12:43–49 യിസ്രായേല്യനായി ജനിച്ചവരെയല്ലാതെ മറ്റ് ആരൊക്കെ പരിച്ഛേദന ഏല്ക്കണമായിരുന്നു?**

ഈ ഉടമ്പടിയുടെ അനുഗ്രഹം യിസ്രായേല്യനായി ജനിച്ചവർക്കായി മാത്രം പരിമിതപ്പെടുത്തിയിരുന്നില്ല. ഏത് അടിമയ്ക്കും കൂടെ പാർക്കുന്ന ഒരു പരിദേശിയായാലും ആഗ്രഹിക്കുന്നവരിലേക്ക് എത്ര കാര്യമായി അവൻ പരിച്ഛേദന കഴിച്ചുവോ അവരിലേക്കും അതു വ്യാപിച്ചിരിക്കുന്നു. പരിച്ഛേദനയ്ക്ക് ശേഷം ഒരു പരദേശിക്കും ജന്മനാ യിസ്രായേല്യനായ ഒരു വ്യക്തിയെപ്പോലെ ദൈവമുമ്പാകെ തുല്യസ്ഥാനമാണ്. “അവൻ ഒരു സ്വദേശിയെപ്പോലെ ആയിരിക്കണം” (പുറ. 12:48). ഉടമ്പടി ചെയ്ത ജനത്തിലെ ഒരു പൂർണ്ണ അംഗമായി തീരണമെങ്കിൽ പുരുഷപ്രജകൾക്ക് പരിച്ഛേദന ഒഴിച്ചുകൂടാൻ പാടില്ലാത്തതായിരുന്നു. യേശു യിസ്രായേലിന്റെ മശീഹ ആയിരുന്നതിനാൽ യെഹൂദ്യർക്ക് സ്വാഭാവികമായി തോന്നിയിട്ടുള്ളത് അവർ നിർബ്ബന്ധിക്കും. ഒരു ജാതീയനായ വ്യക്തിയും ആദ്യം യെഹൂദനാവാതെ രക്ഷ പ്രയോജനപ്പെടുത്താൻ കഴിയില്ല.

**വായിക്കുക: റോമർ 3:30; 1 കൊരി. 7:18; ഗലാ. 3:28; 5:6 പരിച്ഛേദനയെ കുറിച്ച് പൗലൊസ് എന്താണ് മനസ്സിലാക്കിയിരുന്നത്?**

ആദ്യം യെഹൂദനാകാതെ ഒരു ജാതീയനും രക്ഷിക്കപ്പെടുവാൻ കഴിയില്ല എന്നു പറയുന്നതിലൂടെ ഈ ജനങ്ങൾ രണ്ട് വ്യത്യസ്ത കാര്യങ്ങളെ കൂട്ടികുഴയ്ക്കുകയാണ്. ഉടമ്പടിയും രക്ഷയും. ദൈവം ഉടമ്പടി ചെയ്ത സമുദായത്തിലെ അംഗമാക്കിയിരിക്കുന്നതിലൂടെ രക്ഷ ഉറപ്പാക്കുന്നില്ല (യിരെ.

4:4; 9:25). അതിലുപരിയായി അബ്രഹാം തന്നെ രക്ഷിക്കപ്പെട്ടത് (നീതീകരിക്കപ്പെട്ടത്) വിശ്വാസത്താലാണ്. അവൻ പരിച്ഛേദന കഴിച്ചതുകൊണ്ടല്ല അതു സംഭവിച്ചത് അതിനു മുമ്പായിരുന്നു (റോമർ 4:9-13). രക്ഷ എല്ലായ്പോഴും വിശ്വാസത്താലാണ് അതേ സമയം ഉടമ്പടി എന്നാൽ ദൈവം തന്നേയും രക്ഷാ പദ്ധതിയേയും ലോകത്തിനു മുഴുവൻ അറിയിക്കാൻ വച്ച ദയയുള്ള വ്യവസ്ഥയാണ്. ഈ ഉദ്ദേശത്തിനാണ് യിസ്രായേൽ വിളിക്കപ്പെട്ടത് (ഉല്പ. 12:1-3).

പ്രശ്നം, ഉടമ്പടിയും രക്ഷയും ഒരുപോലെ ചേർന്നു നിൽക്കുന്നതിനാൽ വിശ്വാസികളുടെ കാഴ്ചപ്പാടിൽ പരിച്ഛേദന അർഹിക്കുന്നത് തന്നെയാണ്. ദൈവത്തിന്റെ രക്ഷിക്കുന്ന കൃപ, മനുഷ്യൻ പ്രവർത്തിക്കുന്ന സ്ഥാനങ്ങളിൽ പ്രവർത്തിയായില്ല അതുകൊണ്ട് ജാതികൾക്ക് രക്ഷയുടെ മാർഗ്ഗമായി പരിച്ഛേദന അടിച്ചേല്പിക്കുന്നത് സുവിശേഷ സത്യത്തെ വളച്ചൊടിക്കലാണ് (ഗലാ. 1:7; 2:35), ദൈവകൃപയേ അസാധുവാക്കുന്നതാണ് (ഗലാ. 2:21), ക്രിസ്തുവിനെ പ്രയോജനമില്ലാത്തതാക്കുന്നതാണ് (ഗലാ. 5:2). അതിനേക്കാൾ കൂടുതലായി അത് രക്ഷയുടെ സാർവ്വലൗകിക സ്വഭാവത്തെ നിഷേധിക്കുന്നതാണ് (കൊലൊ. 3:11; തീത്തൊ. 2:11). പൗലൊസിന് ഇത്തരം ചിന്താഗതിയോട് ഒരിക്കലും യോജിക്കാൻ കഴിയില്ല.

**ശരിയായ സഭയുടെ ഒരു അംഗം മാത്രമായിരുന്നാൽ രക്ഷ നേടുവാൻ കഴിയും എന്ന് ചിന്തിക്കുന്നതിലെ അപകടം എന്താണ്?**

**ചൊവ്വ** **ആഗസ്റ്റ് 21**

**സംവാദം**

**വായിക്കുക: അ.പ്ര. 15:7-11 യെരൂശലേമിൽ നടന്ന സംവാദത്തിൽ പത്രൊസിന്റെ സംഭാവന എന്തായിരുന്നു?**

ലൂക്കൊസ് തീർച്ചയായും ആ യോഗത്തിന്റെ എല്ലാ നടപടിക്രമങ്ങളും എഴുതി അറിയിക്കുന്നില്ല. യെഹൂദ്യരെ സഹായിക്കാനുള്ള വാദങ്ങൾ പോലെയുള്ള ഉദാഹരണങ്ങൾ അറിയുന്നത് വളരെ രസകരമായിരിക്കും (അ.പ്ര. 15:5). അതുപോലെ പൗലൊസിന്റെയും ബർന്നബാസിന്റെയും പ്രതികരണങ്ങളും (അ.പ്ര. 15:12). ഇതിന്റെ വസ്തുത അപ്പൊസ്തലന്മാരുടെ ഇടയിൽ ഈ മനുഷ്യരുടെ പ്രാധാന്യം കാണിക്കുന്നതിന് പത്രൊസിന്റെയും യാക്കോബിന്റെയും പ്രസംഗങ്ങൾ മാത്രമെ ഉള്ളൂ.

അവന്റെ പ്രസംഗത്തിൽ പത്രൊസ് അഭിസംബോധന ചെയ്തത് അപ്പൊസ്തലരേയും മൂപ്പന്മാരേയുമാണ്. വർഷങ്ങൾക്കുമുമ്പ് കൊർന്നേല്യൊസുമൊത്തുള്ള അനുഭവം ഓർമ്മപ്പെടുത്തുകയാണ് . ചുരുക്കിപ്പറഞ്ഞാൽ അവന്റെ

വാദം ഒന്നുതന്നെയാണ്. അവൻ യെരൂശലേമിലെ സഹോദരങ്ങളുടെ മുമ്പാകെ ഉപയോഗിച്ചതുതന്നെ (അ.പ്ര. 11:4-17).

കൊർന്നേല്യൊസ് പരിച്ഛേദന ഏല്ക്കാത്ത ഒരു ജാതീയനായിരുന്നെങ്കിലും ദൈവം അപ്പൊസ്തലന്മാർക്ക് പെന്തക്കോസ്തുനാളിൽ നൽകിയ അതേ ആത്മാവിന്റെ വരത്തെ കൊർന്നേല്യൊസിനും കുടുംബത്തിലെ മറ്റുള്ളവർക്കും നൽകിയതു വഴി ദൈവം തന്നെ കൊർന്നേല്യൊസിന്റെയും കുടുംബാംഗങ്ങളുടെയും മാനസാന്തരത്തെ അംഗീകരിച്ചതായി കാണിക്കുന്നു. രക്ഷയെ സംബന്ധിച്ച് യെഹൂദനും ജാതിയനും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്ന് യെഹൂദ്യവിശ്വാസികളെ മനസ്സിലാക്കി കൊടുക്കുവാൻ പത്രൊസിനേക്കാൾ കുറഞ്ഞ ഒരു മനുഷ്യനെയും ദൈവം ഉപയോഗിച്ചിട്ടില്ല. പഴയ ഉടമ്പടിയുടെ വിശുദ്ധീകരണത്തിന് പ്രയോജനമായ നിയമങ്ങളും അതിന്റെ ആചാരപ്രവർത്തികളും അവരിൽ കുറവുണ്ട്. എങ്കിലും വിശ്വസിക്കുന്ന ജാതികളെ ഇനിമേലാൽ അശുദ്ധരെന്ന് കണക്കാക്കാൻ പാടില്ല. കാരണം ദൈവം നേരിട്ടുതന്നെ അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ചു. പൗലൊസിൽനിന്നും നാം പ്രതീക്ഷിക്കുന്ന അതേ ശബ്ദം തന്നെയാണ് പത്രൊസിന്റെ അവസാനത്തെ പ്രസ്താവനയിലും നാം കേൾക്കുന്നത് “കർത്താവിന്റെ കൃപയാൽ രക്ഷ പ്രാപിക്കും എന്ന് നാം വിശ്വസിക്കുന്നതുപോലെ അവരും വിശ്വസിക്കുന്നു” (അ.പ്ര. 15:11).

**വായിക്കുക: അ.പ്ര. 15:13-21 ജാതികളുടെ പ്രശ്നത്തിൽ എന്തു പരിഹാരമാണ് യാക്കോബ് മുമ്പോട്ടു വയ്ക്കുന്നത്?**

യാക്കോബിന്റെ പ്രസംഗം നിർദ്ദേശിക്കുന്നത് അവൻ അധികാരസ്ഥാനത്ത് നിന്നുകൊണ്ടാണ് സംസാരിക്കുന്നത് എന്നാണ് (താരതമ്യം ചെയ്യുക അ.പ്ര. 12:17; 21:18; ഗലാ. 2:9,12). ആമോസിന്റെ പ്രവചനത്തിൽ പരാമർശിക്കുന്ന ദാവീദിന്റെ വംശത്തിന്റെ പുനഃസ്ഥാപനം വീണുപോയ ദാവീദിന്റെ കൂടാരം പുതുക്കിപ്പണിയുന്നതും എങ്ങനെ ആയിരിക്കാം യാക്കോബ് മനസ്സിലാക്കിയിരിക്കുന്നത് എന്ന് നാം പരിഗണിക്കേണ്ട കാര്യമില്ല (ആമോ. 9:11,12). അവന്റെ ഉദ്ദേശം ചേരുവാനുള്ള അവസരം ദൈവം ജാതികൾക്ക് മുമ്പേ തന്നെ നൽകിയിട്ടുണ്ട്. പുനഃക്രമീകരിക്കപ്പെട്ട “ദൈവത്തിന്റെ ജനം” എന്ന നിലയിൽ യിസ്രായേലിന്റെ ഭാഗമായി അവരേയും ഉൾപ്പെടുത്താൻ കഴിയും എന്ന് വ്യക്തമായി മനസ്സിലാക്കി കൊടുക്കുകയായിരുന്നു.

ഇതുകൊണ്ട് അന്യദേശങ്ങളിൽ നിന്ന് സ്വാഭാവികമായി യിസ്രായേൽ ദേശത്ത് ജീവിക്കുവാൻ ആഗ്രഹിക്കുന്നവരല്ലാത്ത ജാതികളിൽനിന്ന് മാനസാന്തരത്തിലേക്ക് വന്നവരുടെ മേൽ കൂടുതൽ നിയന്ത്രണങ്ങൾ അടിച്ചേല്പിച്ചിരുന്നില്ല.

**അപ്പൊസ്തലിക ശാസനം**

**വായിക്കുക: അ.പ്ര. 15:28,29**

അപ്പൊസ്തലന്മാരുടെയും മൂപ്പന്മാരുടെയും സഭ വിളിച്ചു കൂട്ടിയതിന്റെ പ്രധാന വിഷയം തൃപ്തികരമായി പരിഹരിക്കപ്പെട്ടു. കാരണം രക്ഷ കൃപ യാൽ ആകുന്നു എന്ന് വിശ്വസിക്കുന്നു. ജാതികളിലുള്ളവർ സഭയിൽ ചേരു മ്പോൾ അവരെ പരിച്ഛേദനയിൽനിന്ന് ഒഴിവാക്കി. എന്നാലും അവർ നാലു കാര്യങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കണം. (1) ജാതീയ ആചാരമനുസരിച്ച് വിഗ്ര ഹങ്ങൾക്ക് ബലി കഴിക്കുന്ന മാംസം ദേവാലയത്തിലെ സദ്യയിൽ വിളമ്പു ന്നത് അല്ലെങ്കിൽ ചന്തയിൽ വില്ക്കുന്നത്. (2) രക്തം ഭക്ഷിക്കുക. (3) ശ്വാസം മുട്ടിച്ച് കൊല്ലുന്ന മൃഗത്തിന്റെ മാംസം അതായത് രക്തം വാർന്നു കളയാത്ത മാംസം. (4) പരസംഗം അതിന്റെ വ്യത്യസ്ത രൂപത്തിൽ.

കൂടുതൽ ക്രിസ്ത്യാനികളും ഇന്ന് ആഹാരത്തിന്റെ വിലക്ക് ഒരു താല്ക്കാ ലിക ശുപാർശയായി പെരുമാറുന്നുണ്ട് (നിരോധനം 1-3). കാരണം അത്തരം കാര്യങ്ങൾ യെഹൂദന്മാർക്ക് പ്രത്യേകിച്ച് ശ്രേഷ്ഠമായിരുന്നു. ഈ നിരോ ധനമൊക്കെ അവർ വാദിക്കുന്നത് യെഹൂദരും ജാതീയവിശ്വാസികളും തമ്മി ലുള്ള വിള്ളലിനെ കൂട്ടിയിണക്കുന്ന പാലമായിട്ട് മാത്രമാണ് ലേവ്യാ പുസ്തകത്തിലെ ആഹാരനിയമങ്ങൾ (ലേവ്യ. 11) ശബ്ബത്ത് കല്പന (പുറ. 20. 20:8-11) ഉൾപ്പെടെയുള്ള പഴയനിയമങ്ങൾ. പുതിയനിയമപട്ടികയിൽ ഇല്ലാ ത്തത് ഒരിക്കലും ക്രിസ്ത്യാനികളെ ബന്ധിക്കുന്നതല്ല എന്നുകൂടി പലപ്പോഴും അവകാശപ്പെട്ടിട്ടുണ്ട്.

അപ്പൊസ്തലികശാസനം എന്നു വിളിക്കപ്പെടുന്ന ഈ ശാസനം അത് താൽക്കാലികമോ പഴയനിയമവുമായി ബന്ധപ്പെട്ട ധാർമ്മിക തത്വങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള പുതിയനിയമാവലിയോ അല്ല. യഥാർത്ഥത്തിൽ പരി ശുദ്ധാത്മാവിന്റെ നിർദ്ദേശാനുസരണം (അ.പ്ര. 15:28) അപ്പൊസ്തലന്മാരും മൂപ്പന്മാരും ചേർന്ന് യിസ്രായേലിൽ പാർക്കുന്ന അന്യദേശക്കാർക്കുവേണ്ടി (പരദേശി) ലേവ്യ. 17 ഉം, 18 ഉം പുനരാവിഷ്കരിച്ചതാണ്.

ലേവ്യാപുസ്തകത്തിന്റെ പശ്ചാത്തലത്തിൽ ഈ വിലക്ക് അർത്ഥമാക്കു ന്നത് പുറജാതികളുടെ ആചാരം ഉപേക്ഷിക്കുക എന്നാണ്. ഏതെങ്കിലും പരദേശി യിസ്രായേലിൽ പാർക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർ പരി ചയപ്പെട്ടു വളർന്നുവന്ന പുറജാതി ആചാരങ്ങൾ ഉപേക്ഷിക്കണം (ലേവ്യ. 18:30). അതുപോലെ വിശ്വസിക്കുന്ന ഏതെങ്കിലും ഒരു ജാതീയൻ സഭയിൽ ചേരാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ ജാതീയ ആചാരങ്ങൾക്ക് എതി രായി ശക്തമായ നിലപാട് എടുക്കേണ്ടത് ആവശ്യമായിരുന്നു.

ഇത് എങ്ങനെ ആയിരുന്നാലും ഒന്നാമത്തെ കാൽവയ്പ്പായിരുന്നു. ആദ്യമായി ഒരു പുരുഷനോ സ്ത്രീയോ സ്വാഭാവികമായി ആ കല്പനകൾ അനുസരിക്കുന്നതിലൂടെ ദൈവഹിതം ചെയ്വാൻ കടപ്പെട്ടവരാണ്. ആ കല്പനകൾ സകല ലോകത്തിനുമുള്ളതും മോശയ്ക്ക് മുൻപേയുള്ളതുമാണ്. ശബ്ബത്തുപോലെ ഔദ്യോഗിക നിയമങ്ങളുടെ ഭാഗമായി ചേർക്കപ്പെട്ടതല്ല (ഉല്പ. 2:1-3). കൂടാതെ അത് ശുദ്ധിയുള്ളതും ശുദ്ധിയില്ലാത്തതുമായ ആഹാരത്തിന്റെ വ്യത്യസ്തയെ പിൻതുടരുന്നു (ഉല്പ. 7:2).

ആ ശാസനം (ഔദ്യോഗികമായ അറിയിപ്പ്) താല്ക്കാലികമല്ല എന്നു വ്യക്തമാണ്. ഉദാഹരണത്തിന് വെളിപ്പാട് 2:14,20 ൽ എവിടെയാണ് ആദ്യത്തേയും അവസാനത്തേയും വിലക്കുകൾ ആവർത്തിച്ചിരിക്കുന്ന മറ്റ് രണ്ടും സംശയമില്ലാതെ, ചിന്തിച്ച് നിർദ്ദേശിക്കപ്പെട്ടിരിക്കന്നവയാണ്. യഥാർത്ഥമായി ചരിത്രപരമായ തെളിവുകൾ കാണിക്കുന്നത് ക്രിസ്ത്യാനികൾ ഈ ഉത്തരവിനെ ക്രിസ്തീയ ജീവിതത്തിന്റെ നിലവാരമായി കണക്കാക്കാൻ തുടങ്ങിയത് പുതിയനിയമത്തിനും അനേക നാളുകൾക്ക് ശേഷമാണ്.

**തർക്കങ്ങൾ ഉയരുമ്പോൾ ഒരുമിച്ചിരുന്ന് പരസ്പരം ശ്രദ്ധിക്കുവാൻ എങ്ങനെ പഠിക്കാം. ബഹുമാനത്തിന്റെ വിചാരത്തോടും വിനയത്തോടും ആ വിഷയത്തിലൂടെ എപ്രകാരം പ്രവർത്തിക്കാം?**

**വ്യാഴം** **ആഗസ്റ്റ് 23**

## യെരൂശലേമിൽനിന്നുള്ള കത്ത്

**വായിക്കുക: അ.പ്ര. 15:22-29 അപ്പൊസ്തലന്മാരുടെയും മൂപ്പന്മാരുടെയും തീരുമാനത്തെ സംബന്ധിച്ച് യെരൂശലേമിലെ സഭ അധികമായ എന്ത് നടപടികൾ കൈക്കൊണ്ടു?**

എന്താണ് തീരുമാനിച്ചത് എന്ന് ജാതീയരായ വിശ്വാസികളെ അറിയിക്കാൻ ഒരു കത്തെഴുതുക എന്നതായിരുന്നു ആദ്യത്തെ പ്രവർത്തി. കത്ത് എഴുതിയത് യെരൂശലേമിലെ അപ്പൊസ്തലന്മാരുടെയും മൂപ്പന്മാരുടെയും പേരിലാണ്. യെരൂശലേം ദൈവാലയത്തിന്റെ വളർച്ചയും അപ്പോസ്തലർക്ക് മറ്റു ക്രിസ്തീയ സമുദായങ്ങളുടെ മേലുള്ള നേതൃത്വവും പ്രതിഫലിപ്പിക്കുന്ന ഔദ്യോഗിക രേഖയായിരുന്നു ആ കത്ത്. എഴുതിയത് എ.ഡി. 49 ലാണ് ഇതാണ് ഏറ്റവും സാധ്യതയുള്ള തിയ്യതി. ഇത് ആദ്യകാല ക്രൈസ്തവ സഭയുടെ രേഖകളിൽ നമുക്ക് ലഭിച്ചിട്ടുള്ള ഒന്നാണ്.

യെരൂശലേം സഭയും രണ്ടു പ്രതിനിധികളെ നിയമിച്ചു. ബർശബാസ് എന്ന യൂദയും ശിലാസും. ഇവർ പൗലൊസിന്റെയും ബർന്നബാസിന്റെയും കൂടെ അന്ത്യോക്യയിലേക്ക് പോകുവാനും കൂടാതെ കത്ത് കൊണ്ടുപോയി അതിലെ ഉള്ളടക്കം ഉറപ്പിക്കുവാനും ആയിരുന്നു.

**വായിക്കുക: അ.പ്ര. 15:30–33 ആ കത്തിനോട് അന്ത്യോകൃയിലെ സഭയുടെ പ്രതികരണം എന്തായിരുന്നു?**

കത്ത് വായിച്ചപ്പോൾ പ്രോത്സാഹനജനകമായ ദൂത് മുഖാന്തരം സഭ സന്തോഷത്താൽ നിറഞ്ഞു. ജാതികളിൽനിന്ന് മാനസാന്തരത്തിലേക്ക് വരുന്നവർക്ക് പരിച്ഛേദന ആവശ്യമില്ലായിരുന്നു. അവരും കത്ത് ആവശ്യപ്പെടുന്ന കാര്യത്തിൽ ഒരു തടസ്സവും ഉയർത്തിയില്ല (നാല് മടക്കുള്ള അപ്പൊസ്തലിക ശാസനം). ആദ്യകാലസഭയിലെ ഒന്നാമത്തെ ഗുരുതരമായ വിഭാഗീയത തത്വത്തിലെങ്കിലും രമ്യമായി പരിഹരിച്ചു.

സഭാ നടപടികളുടെ അവസാനത്തിൽ, യെരൂശലേമിലെ സഭാനേതൃത്വം പൗലൊസിന്റെ സുവിശേഷം പൂർണ്ണമായി അംഗീകരിച്ചു. അംഗീകാരത്തിന്റെയും വിശ്വാസത്തിന്റെയും അടയാളമായി പൗലൊസിനും ബർന്നബാസിനും കൂട്ടായ്മയ്ക്ക് അവർ സഹായിച്ചു (ഗലാ. 2:9). എന്നിട്ടും യെഹൂദാക്രിസ്ത്യാനികൾ, യെഹൂദാനിയമങ്ങൾ ഇപ്പോഴും വലിയ പ്രശ്നം തന്നെയാണെന്നും ജാതികളുമൊത്തുള്ള മേശയിലെ കൂട്ടായ്മയും അവരുടെ ലക്ഷ്യവും ഉദ്ദേശവും ആചാരപരമായി അശുദ്ധമായി തന്നെ നിലനില്ക്കുന്നു.

ഈ വിഷയം കാണിച്ചത് ഉദാഹരണത്തിന് ഗലാത്യർ 2:11–14 പത്രൊസ് ഉൾപ്പെടുന്ന സംഭവം. “ശിഷ്യന്മാർപോലും” എലൻ ജി. വൈറ്റ് പറയുന്നു: “ഞങ്ങൾ എല്ലാവരും സഭയുടെ തീരുമാനത്തെ മനസ്സോടെ സ്വീകരിക്കുവാൻ തയ്യാറെടുത്തിട്ടില്ല.” The Acts of Apostles, P. 197.

**നിങ്ങൾ നിങ്ങളോട് വിശ്വസ്തരായിരിക്കുക. മറ്റ് വർഗ്ഗങ്ങളിലും സംസ്കാരത്തിലുമുള്ളവരുമായി വിശ്വാസികളുമൊത്ത് കൂട്ടായമ് ഉണ്ടാവുന്നത് എത്ര പ്രയാസമാണ്, സാമൂഹ്യവിഭാഗങ്ങളുമായിപ്പോലും? നിശ്ചയമായും സുവിശേഷത്തിന് എതിരായ ഈ മനോഭാവത്തെ നമുക്ക് എങ്ങനെ ഒഴിവാക്കാൻ കഴിയും?**

**വെള്ളി** **ആഗസ്റ്റ് 24**

## കൂടുതൽ ചിന്തയ്ക്ക്

“മാനസാന്തരത്തിലേക്ക് വന്ന യെഹൂദന്മാർ പൊതുവെ ദൈവത്തിന്റെ കരുതലിലേക്ക് പെട്ടെന്ന് അവരുടെ മനസ്സിനെ തിരിക്കുവാൻ കഴിഞ്ഞില്ല. അപ്പൊസ്തലരുടെ വേലയുടെ ഫലമായി ജാതികളുടെ ഇടയിൽനിന്ന് മാനസാന്തരത്തിലേക്കു വന്നവർ എണ്ണത്തിൽ യെഹൂദരേക്കാൾ കൂടുതലായിരുന്നു എന്നത് വ്യക്തമായിരുന്നു. യെഹൂദന്മാർ ഭയപ്പെട്ടത് അവരുടെ നിയമത്തിന്റെ നിയന്ത്രണങ്ങളും ആചാരങ്ങളും സഭാ കൂട്ടായ്മയിൽ നിർബ്ബന്ധമാക്കിയില്ലെങ്കിൽ, യെഹൂദർ ഇതുവരെ സൂചിപ്പിച്ചിരുന്ന ദേശീയമായ പ്രത്യേകതകൾ ഒടുവിൽ സുവിശേഷം സ്വീകരിച്ചവരുടെ ഇടയിൽ നിന്ന് അപ്രത്യക്ഷമാകും.” Ellen G White, The Acts of the Apostles, P. 189.

“യെഹൂദാ ക്രിസ്ത്യാനികൾ ദൈവാലയത്തിന്റെ സമീപത്തുതന്നെ പാർത്തിരുന്നതിനാൽ സ്വാഭാവികമായും പ്രത്യേക അവകാശങ്ങളുള്ള യെഹൂദരാഷ്ട്രം എന്ന പഴയ അവസ്ഥയിലേക്ക് മടങ്ങിപ്പോകുവാൻ അവരുടെ മനസ്സിനെ അനുവദിച്ചിരുന്നു. ക്രിസ്തീയസഭ യെഹൂദാമതത്തിന്റെ ആചാരങ്ങളിൽനിന്നും പാരമ്പര്യങ്ങളിൽനിന്നും മാറിപ്പോകുമ്പോൾ ചിന്തിച്ചത് യെഹൂദ ആചാരങ്ങളിൽ നിഷിപ്തമായ പ്രത്യേക വിശുദ്ധി പുതിയ വിശ്വാസത്തിന്റെ വെളിച്ചത്തിൽ പെട്ടെന്ന് നഷ്ടപ്പെട്ടുപോകും. വലിയ അളവിൽ ഈ മാറ്റത്തിന് കാരണമായിത്തീർന്ന പൗലൊസിനോടുള്ള പ്രതികൂല അനുഭവങ്ങളിൽ വളർന്നു. ശിഷ്യന്മാർപോലും അപ്പൊസ്തലരുടെയും മൂപ്പന്മാരുടെയും തീരുമാനത്തെ മനസ്സോടെ സ്വീകരിപ്പാൻ ഒരുക്കമായിരുന്നില്ല. ചില ആളുകൾ കർമ്മാചാര നിയമങ്ങൾക്കുവേണ്ടി വളരെ ഊർജ്ജസ്വലതയോടെ നിന്നു. അവർ പൗലൊസിനെ അനിഷ്ടത്തോടെയാണ് കരുതിയത്. അവർ ചിന്തിച്ചത് യെഹൂദാനിയമങ്ങളോട് കടപ്പാടുള്ള ഈ തത്വങ്ങൾ നിർബ്ബന്ധമുള്ളതല്ല എന്നാണ്” പേജ് 197.

**ചർച്ച ചെയ്യുക**

1. ക്ലാസ്സിൽ തിങ്കളാഴ്ചയിലെ അവസാനത്തെ ചോദ്യത്തിലേക്ക് മടങ്ങിപ്പോവുക. “ശരിയായ” സഭ രക്ഷയെ ഉറപ്പാക്കുന്നില്ല എന്ന ആശയത്തെ നാം എങ്ങനെയാണ് മനസ്സിലാക്കുന്നത്? ഉദാഹരണത്തിന് തീർച്ചയായും പുരാതന യിസ്രായേൽ “ശരിയായ സഭയായി”രുന്നു. എന്നാൽ അതുകൊണ്ട് അതിൽ ഉണ്ടായിരുന്ന എല്ലാവരും രക്ഷ പ്രാപിച്ചു എന്ന് അർത്ഥമാക്കുന്നില്ല, സത്യസഭയിലായിരിക്കുന്നതുകൊണ്ടും രക്ഷ ഉറപ്പാകുന്നില്ല. അപ്പോൾ അതിന്റെ ഭാഗമായിരിക്കുന്നതിന്റെ പ്രയോജനം എന്താണ്?
2. പരിച്ഛേദന കഴിക്കാത്ത അവിശ്വാസികളെ വിശ്വാസ സമൂഹത്തിലേക്ക് എങ്ങനെ അംഗീകരിക്കാൻ കഴിയും എന്നതായിരുന്നു ആദ്യകാലസഭ അഭിമുഖീകരിച്ച ഭരണപരമായ ഏറ്റവും പ്രധാനപ്പെട്ട വിഷയം. അതിനോട് താരതമ്യം ചെയ്യാവുന്ന ചില വിഷയങ്ങൾ ഇന്ന് നമ്മുടെ സഭയിൽ എന്തൊക്കെ ആയിരിക്കാം അ.പ്ര. 15-ാം അദ്ധ്യായം ഇത്തരം വിഷയങ്ങളെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന ഉദാഹരണമാണ് പഠിപ്പിക്കുന്നത്?

   ജാതികൾ സഭയിൽ ചേരുന്നതിനു മുമ്പ് യെഹൂദാമതത്തിലേക്ക് ആദ്യം പരിവർത്തനം ചെയ്യണം എന്ന് അനുശാസിക്കുന്ന യെഹൂദന്മാരുടെ സ്ഥാനം എടുക്കുന്നവർ ക്ലാസ്സിൽ കുറച്ചുപേർ ഉണ്ടാകും. ഇതിനെ അവർ കണ്ടത്, ഉടമ്പടി വാഗ്ദത്തങ്ങളുടെ അധികമായി യിസ്രായേലിന് നൽകിയ സമയമായിട്ടാണ്. അവരുടെ വാദങ്ങൾ എന്താണ്? നിങ്ങളുടെ പ്രതികരണം എന്താണ്? ഇങ്ങനെ ഒരു സംവാദം ഇന്ന് എന്തുകൊണ്ടു?

✪ ✪ ✪ ✪